നാശം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. 1999 ഏപ്രിൽ മാസം മുതൽ ഇതുവരെ 14 വീടുകൾ നശിപ്പിച്ചിട്ടുണ്ട്. വീടുനഷ്ടമായ 13 പേർക്ക് "The kerala Rules for payment of Compensation to Victims of Wildlife Animal" 1980-ാം ചട്ട പ്രകാരം നഷ്ടപരിഹാരമായി ഇതുവരെ 35,375 രൂപ നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒരാളുടെ നഷ്ടപരിഹാരം നൽകാനായി നടപടി സ്വീകരിച്ചുവരുന്നു. നോർത്ത് വയനാട്ടിൽ വനാതിർത്തിയിൽ 46 കിലോമീറ്റർ വൈദ്യുതി കമ്പിവേലി കെട്ടിയിട്ടുണ്ട്. ഫണ്ട് ലഭിച്ചതനുസരിച്ച് സമീപവാസികളുടെ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടി ഇത്രയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ വില്ലേജിൽ 10 കൈവശ സ്ഥലങ്ങളിലായി ഉദ്ദേശം 20 ഏക്കർ സ്ഥലത്തെ കൃഷി നശിച്ചതായും 50,000 രൂപ നഷ്ടം കണക്കാക്കിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൊട്ടിയൂരിൽ പന്നിയാൻമല മുതൽ 10 കിലോമീറ്റർ ദൂരത്തിൽ വനാതിർത്തിയിൽ വൈദ്യുതി കമ്പിവേലി കെട്ടുന്നതിന് ട്രൈബൽ സബ് പ്ലാൻ പ്രകാരം അംഗീകാരം കിട്ടിയിട്ടുണ്ട്. കൊട്ടിയൂർ വില്ലേജിൽ ഏകദേശം 63 ഹെക്ടർ സ്ഥലം പൊന്നുവിലയ്ക്കെടുത്ത് എലിഫന്റ് കോറിഡോർ സൃഷ്ടിച്ച് കാട്ടാനകളുടെ സുഗമ സഞ്ചാരത്തിനായി പരിപാലിക്കാൻ ലക്ഷ്യമുണ്ട്. ഇതിനായി 96.28 ലക്ഷം രൂപ കണ്ണൂർ ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. കഴിഞ്ഞ 3 സാമ്പത്തികവർഷങ്ങളിലായി 2.5 ലക്ഷം രൂപ വയനാട് ജില്ലയ്ക്കും 1.84 ലക്ഷം രൂപ കണ്ണൂർ ജില്ലയ്ക്കും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. പ്രതിരോധ നടപടികൾക്കും നഷ്ടപരിഹാരം നൽകുന്നതിനും എലിഫന്റ് കോറിഡോറുകൾ സൃഷ്ടിക്കുന്നതിനും മറ്റുംവേണ്ടി ഫണ്ട് ലഭ്യമാക്കുന്നതിന് കേന്ദ്രസഹായവും പ്രതീക്ഷിക്കുകയാണ്.

## (14) കോളയാട് പെരുവ കുറിച്യ ആദിവാസി കോളനിയിലെ പെരുവ-ചെമ്പുകാവ് റോഡ്, കടൽകണ്ടം പാലം എന്നിവയുടെ പണി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കോളയാട് പഞ്ചായത്തിൽപ്പെട്ട കണ്ണവം റിസർവ് വനം നൂറ്റാണ്ടുകളായി കുറിച്യ വിഭാഗത്തിൽപ്പെട്ട ആദിവാസികളുടെ താമസസ്ഥലമാണ്. കേരളവർമ്മ പഴശ്ശിരാജാവിന്റെ സാമ്രാജ്യത്തിനെതിരായി യുദ്ധത്തിൽ പങ്കെടുത്ത കുറിച്യ മൂപ്പന്റേയും പടയാളികളുടേയും പിൻമുറക്കാരാണ് അവർ. അവർക്ക് പരിമിതമായ ജീവിതസൗകര്യങ്ങളെങ്കിലും കൊടുക്കുക എന്നത് വളരെ ആശ്വാസപ്രദമായിരിക്കും. 1987-ൽ ഇടതുപക്ഷ മുന്നണിയുടെ ഗവണ്മെന്റാണ് ആ ഭാഗത്തേയ്ക്കുള്ള റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കിക്കൊടുത്തത്. ഈ റോഡ് 5 കിലോമീറ്റർ ദൂരംകൂടി ടാർ ചെയ്താൽ ആദിവാസി കേന്ദ്രത്തിൽനിന്നും പട്ടണത്തിലേയ്ക്കും മറ്റും വരാനുള്ള പാത പൂർത്തിയാകും. അവിടെ 3 കിലോമീറ്റർ മാത്രമേ ടാറിംഗ് നടന്നിട്ടുള്ളൂ. ബാക്കിയുള്ള രണ്ടുകിലോമീറ്റർകൂടി ടാർ ചെയ്യുന്നതിനും അതുപോലെ ആദിവാസി കുട്ടികൾക്ക് സ്കൂളുകളിൽ വരാനുള്ള അത്യാവശ്യമായിട്ടുള്ള കടൽക്കണ്ടം പാലത്തിന്റെ നിർമ്മാണത്തിന് എസ്റ്റിമേറ്റൊക്കെ തയ്യാറാക്കി അയച്ചതാണ്, അത് വളരെപ്പെട്ടെന്ന് നടത്തേണ്ടതായിട്ടുണ്ട്. വളരെയധികം പ്രശ്നങ്ങളിൽ രണ്ടുപ്രശ്നങ്ങൾ മാത്രമേ ഞാനിപ്പോൾ ഈ സബ്മിഷന്റെ ഭാഗമായി ചൂണ്ടിക്കാണിച്ചിട്ടുള്ളൂ. ഈ കാര്യങ്ങൾ പരിഗണിച്ച് നടപ്പിലാക്കിത്തരണമെന്ന് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ വരുന്ന കണ്ണൂർ ഫോറസ്റ്റ് ഡിവിഷനിൽ കണ്ണൂർ റേഞ്ചിൽ കണ്ണവം റിസർവ് വനത്തിൽപ്പെട്ട പെരുവ പ്രദേശത്തെ കുന്നച്ചാൽ പുഴയ്ക്ക് കുറുകെ കടൽക്കണ്ടം ഭാഗത്ത് ഒരു പാലം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ നിവേദനം 08.12.1997-ൽ ലഭിക്കുകയുണ്ടായി. അന്വേഷണത്തിൽ നിർദ്ദിഷ്ട പാലം കടൽക്കണ്ടം, ആക്കാമൂല, കായലൂട്ടമല എന്നീ പ്രദേശങ്ങളിലുള്ളവർക്ക് പ്രത്യേകിച്ചും ആദിവാസികൾക്ക് പ്രയോജനകരമാണെന്നറിയുന്നു. നിലവിലുള്ള പഴയ കൂപ്പുറോഡ് സ്ഥിരമായി ഉപയോഗിക്കത്തക്കവണ്ണം ഉദ്ദേശം 20 മീറ്റർ വീതിവരുന്ന പാലം നിർമ്മിക്കുകവഴി ഈ പ്രദേശത്തെ താമസക്കാർക്കും വനംവകുപ്പിന്റെ പ്രവർത്തകർക്കും ഒരുപോലെ പ്രയോജനകരമാണ്. ആ പാലത്തിന്റെ അഭാവത്തിൽ ഈ പ്രദേശം പുറംലോകവുമായി ഒറ്റപ്പെട്ടിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. പാലം നിർമ്മിക്കുന്നതിന് ഉദ്ദേശം 10 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നു. കണ്ണൂർ ഡിവിഷനിൽ കോളയാട്-ചെമ്പുകാവ് റോഡ് നിർമ്മാണത്തിനായി രണ്ട് റീച്ചുകളിലായി 9,79,000 രൂപയ്ക്കുള്ള അടങ്കലുകൾ പാസ്സാക്കിയിട്ടുണ്ട്. ഈ റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ് ഉൾപ്പെടെയുള്ള ജോലികൾ 1998-99 വർഷത്തിൽത്തന്നെ പൂർത്തിയായിട്ടുണ്ട്. ആയതിലേയ്ക്കായി 9,53,002 രൂപ ചെലവായിട്ടുള്ളതുമാണ്. ഈ റോഡിന്റെ ബാക്കിവരുന്ന 3 കിലോമീറ്റർ റോഡ് മെറ്റലിംഗ്, ടാറിംഗ് ജോലികൾ കൂടി ആവശ്യമാണ്. ഇതിലേയ്ക്കായി ഉദ്ദേശം 10 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റോഡ് പണികൾ ഏറ്റെടുക്കുന്നതാണ്.

## (15) കൂത്താട്ടുകുളത്ത് സ്റ്റേഷൻ മാസ്റ്റർ ഓഫീസ് തുറന്നു പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കൂത്താട്ടുകുളത്ത് വളരെക്കാലമായി പ്രവർത്തിച്ചുവന്നിരുന്ന കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. എം.സി. റോഡിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രമായ കൂത്താട്ടുകുളത്ത് കെ.എസ്. ആർ.ടി.സി.യുടെ സ്റ്റേഷൻമാസ്റ്റർ ഓഫീസ് പ്രവർത്തിച്ചിരുന്ന കാലത്ത് യാത്രക്കാർക്ക് വളരെ സഹായകരമായിരുന്നു. കെ.എസ്.ആർ.ടി.സി.ക്ക് സ്വന്തമായി കെട്ടിടവും എല്ലാ സൗകര്യങ്ങളുമുള്ള കൂത്താട്ടുകുളം വളരെ പ്രാധാന്യമുള്ള ഒരു സ്ഥലമെന്നുള്ള നിലയിൽ, ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യ സമര സേനാനികൾ ഏറ്റവും കൂടുതലുള്ള ഒരു പ്രദേശമെന്നുള്ള നിലയിൽ, ആ സ്ഥലത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ സ്റ്റേഷൻമാസ്റ്റർ ഓഫീസ് തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കൂത്താട്ടുകുളത്തെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിർത്തൽ ചെയ്തത് ഇപ്പോൾ അല്ല. വളരെ മുമ്പാണ്. ബഹുമാനപ്പെട്ട അംഗവും ഉൾപ്പെട്ട പാർട്ടി ഭരിച്ചിരുന്ന കാലഘട്ടത്തിലാണ് ചെയ്തത്. ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷം ഏകദേശം അഞ്ച് ലക്ഷം രൂപ ചെലവാകുമെന്ന് കണക്കാക്കി കെ.എസ്.ആർ.ടി.സി.യുടെ ഇന്നത്തെ സാമ്പത്തികനിലയനുസരിച്ച് പുതുതായി സ്റ്റേഷൻ മാസ്റ്റർ ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly